(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ്. എ/ റ്റി. വി. എം/ ജി. പി. 7/2123/2016 സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

തീയതി 14.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

4) സ്പെയർ

എസ് എ റ്റി വി എം / ജി പി .7/2123/2016 തീയതി

14.12.2016

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 11.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 എൻക്വയറി നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ജമാലുദ്ദീൻ . എ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14-11-2016 മുതൽ 22-11-2016 വരെ | |
| | | | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. മനേഷ് .ബി. എച്ച്. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി വാലന്റീന.എം | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതിശ്യാമപ്രിയ.എസ്. എസ്.<br>ശ്രീമതി അനുലക്ഷ്മി .വി | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ |
| | | | |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഉഷാകുമാരി<br>ശ്രീ എൻ നവപ്രകാശ് | 01.04.15 മുതൽ 31.10.15വരെ<br>(1-11-15 മുതൽ 11-11-15 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണം)<br>12-11-15മുതൽ 31-3-16 വരെ |

| | | |
|---|---|---|
| | | |
| സെക്രട്ടറി | ശ്രീ അനിൽകുമാർ. വി<br>ശ്രീമതി ജയശ്രീ എസ് | 01.04.15 മുതൽ 21.07.15വരെ<br>22.07.15 മുതൽ 31.03.16 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. രഘുനാഥൻ | 01.4.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. മണിവർണൻ ജികെ. | 01.4.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി നിഖിത. പി.<br>ശ്രീ. അഫ്സൽ. വൈ | 01.4.2015 മുതൽ 16.5.2015 വരെ<br>17.5.2015 മുതൽ 31.3.2016 വരെ |
| വെറ്റിനറി സർജൻ | ഡോ. വി. രമ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ഉദയലാൽ | 01.4.2015 മുതൽ 31.3.2016 വരെ |
| എച്ച്.എം. ,<br>എൽ.പി.എസ്ചെറുന്നിയൂർ | ശ്രീമതി അനിത കെ. | 01.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.സി.എസ്. സൂപ്പർവൈസർ | ശ്രീമതി ഇന്ദിര | 01.4.2015 മുതൽ 31.3.2016 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. പ്രവീൺ | 1.4.2015 മുതൽ 31.3.2016 വരെ |


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 | |
| 4 | സാമ്പത്തികവിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതിഅവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റുഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തനതുവരുമാനം പിരിച്ചെടുക്കുന്നതിലെ നടപടിക്രമങ്ങളിൽ വീഴ്ച | 2-1 | |
| | ഭാഗം 3 | | |
| 13 | ഭൂമി വാങ്ങൽ പദ്ധതി - സബ്സിഡി പരിമിതപ്പെടുത്തിയില്ല | 3-1 | |
| 14 | രൂപീകരണത്തിൽ നിന്ന് വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പിലാക്കി | 3-2 | |
| 15 | രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു | 3-3 | |
| 16 | റ്റി.എച്ച്.ആർ.എസ് വിതരണം യഥാർത്ഥ രേഖകൾ ഹാജരാക്കിയില്ല | 3-4 | |
| 17 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല | 3-5 | |
| 18 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 3-6 | |
| 19 | ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജിതമാക്കണം | 3-7 | |

| | | | |
|---|---|---|---|
| 20 | പിൻവലിച്ച ഡി ഡി തുകകൾ - തിരിച്ചടവാക്കിയതിലെ കാലതാമസം | 3-8 | |
| 21 | ഭവനനിർമാണം - പണി പൂർത്തീകരിച്ചില്ല | 3-9 | |
| 22 | ആട്ടുവളർത്തൽ പദ്ധതി - സബ്സിഡി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി | 3-10 | |
| 23 | വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പും ലൈസൻസും മാർഗരേഖക്ക് വിരുദ്ധമായ ചെലവ് | 3-11 | |
| 24 | 1.5ലക്ഷം രൂപയുടെ മരുന്ന് ലഭ്യമായില്ല | 3-12 | |
| 25 | കാർഷിക മേഖലയോടുള്ള സമീപനം മാതൃകാപരം | 3-13 | |
| 26 | കാറാത്തല സാംസ്കാരിക നിലയം പ്രവൃത്തി - പ്രയോജനപ്രദം | 3-14 | |
| 27 | പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ പ്രവൃത്തി - ഓഫീസുകൾ സജ്ജമാക്കാൻ കൂടുതൽ പ്രോജക്ടുകൾ ആവശ്യം. | 3-15 | |
| 28 | ശിവൻ നട പാലം അപ്രോച്ച് റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടി വേണം | 3-16 | |
| 29 | ആശ്രയ പദ്ധതി - അവലോകനം | 3-17 | |
| 30 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-18 | |
| | ഭാഗം 4 | | |
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28-03-2015 തീയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 8,23,29,785.62/-രൂപ വരവും 7,72,73,470/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 4,68,18,157.77രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 4,06,37,820/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പത്രിക പ്രകാരം).

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.7.2016 | ------ | ------ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 14-11-16 | - |

| | | |
|---|---|---|
| | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15494705.77 |
| വരവ് | 31323452.00 |
| ആകെ | 46818157.77 |
| ചെലവ് | 40637820.00 |
| നീക്കിയിരിപ്പ് | 6180337.77 |

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1 | വികസനഫണ്ട് (ജനറൽ) | 1151396 | 2572909 | 4198422 | 7922727 | 7208678 | 714049 |
| 2 | വികസനഫണ്ട് (SCP) | 2778225 | 6345116 | -661722 | 8461619 | 8461619 | 0 |
| 3 | 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 946230 | 4330434 | -1816792 | 3459872 | 3459872 | 0 |
| 4 | പെർഫോമൻസ് ഗ്രാന്റ് | 2094069 | 1709134 | -1719908 | 2083295 | 2083295 | 0 |
| 5 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 780605 | 1104448 | | 1885053 | 1885053 | |
| 6 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 2471722 | 3580004 | | 6051726 | 6051726 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | എം ജി എൻ ആർ ഇ ജി എസ് | 0 | 14907948 | | 14907948 | 14906345 | 1603 |
| 8 | ജനറൽ പർപ്പസ് ഗ്രാന്റ് | 2227224 | 5465599 | | 7692823 | 6174213 | 1518610 |
| 9 | ബി ഫണ്ട് | | 23227260 | | 23227260 | 23227260 | 0 |
| 10 | Literacy | 8552 | 346 | | 8898 | 0 | 8898 |
| 11 | Relief Fund | 10939 | 6156 | | 17095 | 4000 | 13095 |
| 12 | തനതുഫണ്ട് ( SBT) | 2962615 | 5136930 | | 8099545 | 4207471 | 38920.74 |
| 13 | തനതുഫണ്ട് ( DCB) | 380.77 | | | 380.77 | 0 | 380.77 |
| 14 | ക്യാഷ് | 62748 | 31628 | | 94376 | 62748 | 31628 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 174 | 7939643 | 140 | 5475000 | 23 | 11 | 68.96 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|

| നികുതി വരവുകൾ | | | |
|---|---|---|---|
| വിനോദനികുതി | - | - | |
| തൊഴിൽനികുതി | 871870 | 1249640 | 377770 |
| കെട്ടിടനികുതി | 1630800 | 1108494 | -522306 |
| പരസ്യനികുതി | - | - | - |
| നികുതിയേതരവരവുകൾ | | | |
| ലേലം | 21100 | 27000 | 5900 |
| ഷോപ്പിംഗ്കോംപ്ലക്സ് | 45691 | 68316 | 22625 |
| ഡി&ഒ | 62050 | 15700 | -46350 |
| മറ്റുവരവുകൾ | 487848 | 467439 | -20409 |
| ആകെ | 3119359 | 2936589 | -182770 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 312360 | 184 |
| കർഷകതൊഴിലാളി പെൻഷൻ | 1016490 | 117 |
| വിധവാ പെൻഷൻ | 8555880 | 812 |
| വാർദ്ധക്യകാലപെൻഷൻ | 10652340 | 1352 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 2359710 | 217 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 23 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 240480 | 24 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1,263രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഹെഡ്മിസ്ട്രസ് എന്നിവർ ഫയലുകൾ സൂക്ഷിക്കുന്നതിൽ അവധാനത പുലർത്തിയിട്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച ഭവനനിർമ്മാണ പ്രോജക്ടിൽ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല ഗഡുക്കൾ നൽകിയത്. അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ്മിസ്ട്രസ് എന്നിവർ TR 7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.09.16 മുതൽ 26.09.16 വരെ | 01.07.16 മുതൽ<br>31.08.16വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.02.13 | 2011-12 | 25.01.16 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനതുവരുമാനം പിരിച്ചെടുക്കുന്നതിലെ നടപടിക്രമങ്ങളിൽ വീഴ്ച

എ) തൊഴിൽ നികുതി

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , 204(3) വകുപ്പ് പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടു വാടക ബത്ത ഒഴികെ എല്ലാ മാർഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി നിർണയിക്കേണ്ടത്. അർദ്ധവാർഷിക പത്രികകളുടെ പരിശോധനയിൽ ചുവടെപ്പറയുന്ന അപാകതകൾ കാണുന്നു.

i) കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ രണ്ടാം അർദ്ധവർഷം സമർപ്പിച്ച പത്രികയിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല.

ii) താഴെപ്പറയുന്ന ജീവനക്കാരിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | രസീത് നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | തൊഴിൽ നികുതി | | |
|---|---|---|---|---|---|---|---|
| | | | | | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
| i | 102530/16 04.03.16 | വർക്കല ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് | സിജി.എം | 78,000 | 600 | 750 | 150 |
| | | | ബിന്ദു.വി.എസ്. | 78,000 | 600 | 750 | 150 |
| ii | 100857/15 18.08.15 | വി.ആർ.ആശുപത്രി | റോസമ്മ ക്രിസ്തുദാസ് | 18,000 | 120 | 180 | 60 |
| | | | ജിൻസി | 18,000 | 120 | 180 | 60 |
| ആകെ | | | | | 1,440 | 1,860 | 420 |

iii) വെറ്ററിനറി ആശുപത്രിയിലെ PTSന്റെ വരുമാന വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വരുമാന പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

iv) എം.എസ്. സ്റ്റീൽ പാലച്ചിറ എന്ന സ്ഥാപനം 2015-16 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയത് 30.03.2016നാണ്. എന്നാൽ പിഴ ഈടാക്കിയില്ല.

v) ചെറുന്നിയൂർ ക്ഷീര സഹകരണ സംഘം, തോട്ടിൻകര റസ്റ്റോറന്റ് എന്നീ സ്ഥാപനങ്ങൾ സ്ഥാപന നികുതി ഒടുക്ക് വരുത്തിയിട്ടില്ല.

നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറി നം:7ന് മറുപടിനൽകിയിട്ടുണ്ട്.

ബി) ഡി&ഒ ലൈസൻസ്

ഡി.&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കൂടുതൽ അപേക്ഷകളിലും സെക്രട്ടറിയുടെ തീരുമാനം, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

30 മൈക്രോണിനു താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണബോർഡ് വിജ്ഞാപനം പാലിക്കണമെന്ന GO(Rt)795/2007/ത.സ്വ.ഭ.വ 16.03.2007 പ്രകാരമുള്ള അണ്ടർടേക്കിംഗ് വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് വാങ്ങി സൂക്ഷിച്ചിട്ടില്ല.

ഡി.&ഒ ലൈസൻസിനായി ശ്രീ.ബിജു ഗോപിനാഥ് സമർപ്പിച്ച അപേക്ഷയിൽ (നം:68/15-16) ടിയാളുടെ ഉടമസ്ഥതയിലുള്ള കേരള റിഫ്രാക്ടറി ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 75 H.P.യുടെ യന്ത്രം ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ മെഷീൻ ഫീസ് 1000/-രൂപയായിരിക്കെ 900/- രൂപയും പിഴ 100/- രൂപയുമാണ് ഈടാക്കിയിരിക്കുന്നത്. കുറവ് വന്ന തുക മെഷനറി ഫീസ് -100/-രൂപ, പിഴ150/-രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മറുപടി ലഭിച്ചിട്ടുണ്ട് (എൻക്വയറി നം:14/19-11-16). ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

സി) പരസ്യനികുതി

സെക്ഷൻ 209 പ്രകാരം പിരിച്ചെടുക്കേണ്ട പരസ്യനികുതി പിരിച്ചെടുത്തിട്ടില്ല. പരസ്യനികുതിയുടെ നിരക്കുകളും മറ്റ് കാര്യങ്ങളും നിശ്ചയിച്ച കൊണ്ടുള്ള ബൈല അംഗീകരിച്ച് പരസ്യബോർഡുകളുടെ കണക്കെടുപ്പും

നടത്തി വിശദീകരണം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡി) മാർക്കറ്റ്-ലേലം- ഷോപ്പിംഗ് കോംപ്ലക്സ്

2015-16കാലയളവിൽ ലേലനിബന്ധനകൾ ഉൾപ്പെടുത്തി ലേലപരസ്യം പ്രസിദ്ധീകരിച്ചിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ AFS പ്രകാരം 4980 രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാം നമ്പർ കടമുറിയിൽ നിന്നാണ് കുടിശ്ശിക ഈടാക്കാനുള്ളത്. കടമുറി ലേലംകൊണ്ടിരിക്കുന്നത് ശ്രീ.ശിവകുമാർ, ശിവമനയാണ്. കുടിശ്ശിക ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇ) വസ്തുനികുതി

പഞ്ചായത്ത് വസ്തുനികുതി ചട്ടങ്ങൾ 2011 ,(GO(P) 20/11 ത.സ്വ.ഭ.വ 14.01.11) പ്രകാരം കെട്ടിടത്തിന്റെ വസ്തുനികുതി അവയുടെ മേഖല, കാലപ്പഴക്കം, മേൽക്കൂര എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഇളവ്/വർദ്ധനവ് തുടങ്ങി വ്യവസ്ഥകൾക്ക് വിധേയമായി നിർണ്ണയിക്കേണ്ടതും അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ 2015-16 അസസ്സ്മെന്റ് രജിസ്റ്ററിൽ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ പുരോഗതി പ്രൊഫോമയിൽ വസ്തുനികുതി കുടിശ്ശിക 32% വും തൻവർഷത്തിൽ 55.96%വും മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. പുറംപിരിവിലൂടെയും ക്യാംപ് കളക്ഷൻ സംഘടിപ്പിച്ചും നികുതിപിരിവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭൂമി വാങ്ങൽ പദ്ധതി - സബ്സിഡി പരിമിതപ്പെടുത്തിയില്ല

പ്രോജക്ട് - SO 35/16

വകയിരുത്തൽ - 21,00,000/-(എസ് സി പി- വികസനഫണ്ട്)

ചെലവ് - 18,00,000/- (രൂപ)

മാർഗരേഖ പ്രകാരം നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ അളവിൽ ഭൂമി വാങ്ങിയ ഗുണഭോക്താക്കൾക്ക് സബ്സിഡി പരിമിതപ്പെടുത്തി നൽകാത്തതിനാൽ അധിക തുക പഞ്ചായത്തിന് ചെലവഴിക്കേണ്ടിവന്നു. ഗ്രാമ പ്രദേശങ്ങളിൽ കുറഞ്ഞത് 3 സെന്റ് സ്ഥലം വാങ്ങുന്നതിന് 1,50,000/-രൂപ സബ്സിഡി നൽകുന്നതിനും എന്നാൽ സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള തുക നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തണമെന്നും ജി ഒ (എം എസ്) 362/13/ത.സ്വ.ഭ.വ. തീയതി 16-11-13, അനുബന്ധം 16, ഖണ്ഡിക 3.6 സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത മാർഗരേഖ പ്രകാരം നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ അളവിൽ ഭൂമി വാങ്ങിയ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി പരിമിതപ്പെടുത്തി നൽകിയില്ല. തന്മൂലം അധിക തുക വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വസ്തു നൽകിയ ആൾ | വാങ്ങേണ്ട വസ്തുവിന്റെ മിനിമം വിസ്തൃതി | വാങ്ങിയ വസ്തുവിന്റെ അളവ് | നൽകിയ ആനുകൂല്യം (രൂപ) | നൽകേണ്ടിയിരുന്ന ആനുകൂല്യം (രൂപ) |
|---|---|---|---|---|---|---|
| 1 | ശ്രീമതിപി ഗിരിജ, പുതുവൽവിള വീട്, ചെറുന്നിയൂർ | ശ്രീ പ്രദീപ്കുമാർ. പൊയ്കവിളവീട്, ചെറുന്നിയൂർ | 3 സെന്റ് | 4.57സെന്റ് (1.85 ആർ) | 150000/- (ഡിഡി നമ്പർ 121161/ | 98469/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 22.3.16 | |
| 2 | ശ്രീമതി അമ്പിളി<br>മംഗ്ലാവിൽ, ചെറുന്നിയൂർ | ബീനാദാസ്,<br>ശാരദാ വിഹാർ<br>ചെറുന്നിയൂർ | 3 സെന്റ് | 5 സെന്റ്<br>(2.025 ആർ) | 150000/-<br>(ഡിഡി നമ്പർ 122151/<br>4.4.16 | 90000/- |
| 3 | ശ്രീമതി നിഷ എ<br>പുതുവൽ പുത്തൻവീട്<br>അയന്തി | തോമസ് വർഗീസ്<br>ഇട്ടിയിൽ വീട്<br>പാലാരിവട്ടംപി ഒ | 3 സെന്റ് | 4.9 സെന്റ്<br>(1.99 ആർ) | 150000/-<br>(ഡിഡി നമ്പർ 122154/<br>4.4.16 | 91836/- |

വിഷയം ഓഡിറ്റ് എൻക്വയറിലൂടെ (നമ്പർ 8/17-11-16) ചൂണ്ടിക്കാട്ടിയിരുന്നു. ജോലി ത്തിരക്ക്, അറിവില്ലായ്മ ഇവ മൂലമാണ് ഇപ്രകാരം ആനുകൂല്യം നൽകിയതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. സർക്കാർ മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-2 അംഗീകരിച്ച പ്രോജക്ടിന്റെ വ്യതിചലനം

പ്രോജക്റ്റ് നം : 68/15-16

പേര് : അംഗനവാടികളുടെ അടിസ്ഥാന സൗകര്യ വികസനം

അടങ്കൽ തുക : 50000/-രൂപ

ചെലവ് തുക : 47880/-രൂപ

ബിൽ നം : 10/23.03.16

നിർവഹണോദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അംഗണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 3125/-രൂപ നിരക്കിൽ 16 ഏണികൾ വാങ്ങാനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ സിഡ്കോയിൽ നിന്നും 7600/-രൂപ നിരക്കിൽ 6 ഏണികളാണ് വാങ്ങിയത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം:15/21.11.16)യുടെ മറുപടിയിൽ ടെണ്ടർ ക്ഷണിച്ചപ്പോൾ 3125/-രൂപയ്ക്ക് ഏണികൾ നൽകാൻ കഴിയില്ലെന്നും അപ്പോഴത്തെ മാർക്കറ്റ് വില 7600/-രൂപയാണെന്ന് സിഡ്കോയിൽ നിന്നും അറിയിച്ചുവെന്നും, അംഗനവാടികളുടെ മുകൾഭാഗം ഇലകളും മറ്റും വീണ് അഴുകി വൃത്തിഹീനമായ സാഹചര്യത്തിലാണ് കൂടിയനിരക്കിൽ ഏണി വാങ്ങിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 3-3 രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം:/പേര് | ഫണ്ടിനം | ബിൽനം:/ ചെക്ക് നം :/ തീയതി | പിൻവലിച്ച തുക (രൂപ) | അപാകത |
|---|---|---|---|---|
| 57/അംഗനവാടി പോഷകാഹാരം (ജനറൽ) | കേന്ദ്രാവിഷ്കൃത ഫണ്ട്. | ലഭ്യമല്ല | 189313/- (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | ചെലവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല. |
| | വികസനഫണ്ട്ജനറൽ | 4/21.10.15 | 128128/- | 4259/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായിഹാജരാക്കിയില്ല. 29.09.15 -ൽ വാങ്ങിയ 70,464/-രൂപയുടെ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. |
| | വികസനഫണ്ട് (ജനറൽ) | 6/23.12.15 | 29886/- | 6615/-രൂപയുടെചെലവ് രേഖകൾ പരിശോധനയ്ക്കായിഹാജരാക്കയില്ല. 8840/- രൂപ മുട്ട വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. മുട്ട വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്കായിഹാജരാക്കയില്ല |
| അംഗനവാടി പോഷകാഹാര വിതരണം (എസ്.സി.പി.) | വികസനഫണ്ട്(എസ്.സി.പി.) | 3/19.08.15 | 51840/- | 29.09.15 ന് വാങ്ങിയ 35251/- രൂപയുടെ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. |
| | വികസനഫണ്ട്(എസ്.സി.പി.) | 14/21.03.16 | 26676/- | 20.02.16 ന് വാങ്ങിയ 20103.37/-രൂപയുടെ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം:15/21.11.16) യുടെ മറുപടിയിൽ കേന്ദ്രപദ്ധതി വിഹിതത്തിന്റെ രേഖകൾ ഹാജരാക്കാനോ സ്റ്റോക്കിൽ വന്ന അപാകതകൾ വ്യക്തമാക്കുന്നതിനോ തനിക്ക് കഴിഞ്ഞില്ലെന്നും ആയത് ഹാജരാക്കാമെന്നും ഐ.സി.ഡി.എസ് സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 334845/-രൂപ തടസ്സപ്പെടുത്തുന്നു. അനുബന്ധരേഖകൾ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 റ്റി.എച്ച്.ആർ.എസ് വിതരണം - രേഖകൾ പൂർണമായും ഹാജരാക്കിയില്ല

അംഗണവാടി പോഷകാഹാര(ജനറൽ) വിതരണത്തിനായി 13608/-രൂപക്ക് 14.03.16 ന് 243 Kg റ്റി.എച്ച്.അർ.എസ്.മിശ്രിതം വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം ബിൽ നം:13/23.03.16 പ്രകാരം പിൻവലിച്ച 8148/-രൂപ അതിന് നൽകി. ബിൽ നം:15/23.03.16 പ്രകാരം പിൻവലിച്ച 74194/-രൂപയിൽ നിന്നും വീണ്ടും 243Kg റ്റി.എച്ച്.ആർ.എസിനായി 13608/-രൂപ നൽകിയിട്ടുണ്ട്.അതായത് രേഖകൾ പ്രകാരം റ്റി.എച്ച്.ആർ.എസ്സിന് 8148/-രൂപ അധികം നൽകിയിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം:15/21.11.16)യുടെ മറുപടിയിൽ മാർച്ച് മാസം 756 Kg റ്റി.എച്ച്.ആർ.എസ്. വാങ്ങിയിട്ടുണ്ടെന്നും ഫെബ്രുവരി-മാർച്ച് മാസങ്ങളിലെ ബില്ലുകൾ വയ്ക്കുന്നതിന് പകരം മാർച്ച് മാസത്തെ 13608/-രൂപയുടെ ബില്ലുകൾ വച്ചതിനാലാണ് ഇത്തരം അപാകത സംഭവിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ബിൽ നം :13,15 പ്രകാരം പിൻവലിച്ച തുകയുമായി ബന്ധപ്പെട്ട യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ 22026/- രൂപയുടെ (8418+13608) ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.അല്ലാത്ത പക്ഷം 8148/-രൂപ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ബാധ്യതയായി തീരുന്നതായിരിക്കും.

## 3-5 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ അംഗനവാടിപോഷകാഹാര പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 18 അംഗനവാടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ധാരാളം വെട്ടിത്തിരുത്തലുകളുണ്ട്. ചിലദിവസങ്ങളിൽ (18.12.15 ന് വാങ്ങിയ റ്റി.എച്ച്.ആർ.എസ്.മിശ്രിതം) പെൻസിൽ കൊണ്ടാണ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. ബിൽ പ്രകാരം വാങ്ങിയ ഭക്ഷ്യവസ്തുക്കളുടെ അളവും സ്റ്റോക്കിലെടുത്തതിന്റെ അളവും തമ്മിൽ വ്യത്യാസമുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി/തുക | ഇനം | ഭക്ഷ്യ വസ്തുക്കൾ വാങ്ങിയ തീയതി | വാങ്ങിയ ഭക്ഷ്യ വസ്തുവിന്റെ അളവ് | വിതരണം ചെയ്ത ഭക്ഷ്യ വസ്തുവിന്റെ അളവ് |
|---|---|---|---|---|
| 8/29.01.16<br>86569/-രൂപ | പയർ | 24.12.15 | 105 | 107 |
| 2/24.07.15<br>123075/-രൂപ | റവ | 30.12.15 | 265 | 260 |
| 14/23.03.16<br>28676/-രൂപ | ശർക്കര | 20.07.15 | 39 | 40 |
| 7/29.01.16<br>35454/-രൂപ | കപ്പലണ്ടി | 30.12.15 | 21 | 19 |

വിവിധ തീയതികളിൽ വാങ്ങിയ സ്റ്റോക്ക്, അംഗനവാടികളിൽ വിതരണം ചെയ്തിട്ടുണ്ടെന്നും സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയപ്പോൾ ഭക്ഷ്യസാധനങ്ങളുടെ അളവിൽ വ്യത്യാസം വന്നതാണെന്നും നിർവഹണോദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം:15 മറുപടി)

സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തത് നിർവഹണോദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | ചെലവ് (രൂപ) | ബിൽ നമ്പർ/ തീയതി | ഡി ഡി നമ്പർ/തീയതി |
|---|---|---|---|---|
| 1 | S0015/16 (ജനറൽ) | 150000/- (വികസനഫണ്ട്) | 41/26-3-16 | 121465/29-3-16 |
| 2 | S0016/16 (എസ് സി) | 100000/- (എസ് സി പി) | 45/26-3-16 | 121467/29-3-16 |

വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള മേൽ പ്രോജക്ടുകളുടെ നടത്തിപ്പിനായി 1,50,000/-രൂപ, 1,00,000/- രൂപ ക്രമത്തിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അന്വേഷിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 6/17-11-16) നൽകിയതിന് ലഭിച്ച മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ 2,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജിതമാക്കണം

ഗ്രാമ സഭാ/വാർഡ് സഭാ അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർ പ്രവർത്തനങ്ങൾങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖയിൽ (ജി ഒ (എം എസ്) 362/13/ത സ്വ ഭ വ /തീയതി 16-11-2013) നിർദേശിക്കുന്നുണ്ട്. ഇപ്രകാരം 2015-16ൽ ആവിഷ്കരിച്ച ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനസഹായം എന്ന പ്രോജക്ടിനായി (S0013/16) 24064/-രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തി. പഞ്ചായത്തിന്റെ 8-ാം വാർഡിൽ മാത്രമാണ് ഗ്രാമകേന്ദ്രം സ്ഥാപിച്ചിട്ടുള്ളത്. 20-4-2015 മുതൽ പ്രവർത്തനം ആരംഭിച്ച ഗ്രാമകേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി താഴെ പറയും പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്.

കെട്ടിട വാടക - 3183

ഫെസിലിറ്റേറ്റർക്കുള്ള വേതനം - 6366

സ്റ്റേഷനറി - 9955

അയൽ സഭാ നോട്ടീസുകൾ - 5100

ആകെ 24064

പ്രസ്തുത ഗ്രാമസേവാകേന്ദ്രം 31-10-15 വരെ മാത്രമാണ് പ്രവർത്തിച്ചിട്ടുള്ളത്. മറ്റ് വാർഡുകളിൽ ഗ്രാമസേവാകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുമില്ല.

ഗ്രാമസഭാംഗങ്ങളുടെ ഒത്തുചേരലിനും തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ആസ്ഥാനകേന്ദ്രങ്ങളായ ഗ്രാമസേവാകേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ (നമ്പർ 6/17-11-16) അതത് വാർഡിലെ

അംഗനവാടികളെ ഗ്രാമകേന്ദ്രമായി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്ന് അറിയിച്ചു. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു എക്സ്റ്റെൻഷൻ കേന്ദ്രമായും അയൽ സഭകളുടെ ഏകോപനകേന്ദ്രമായും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിവിധ ചുമതലകൾ വാർഡ് തലത്തിൽ നിർവഹിക്കുന്ന പ്രവർത്തനങ്ങളുടെ ഏകോപനകേന്ദ്രമായും തദ്ദേശസ്വയംഭരണസ്ഥാപനവുമായി ബന്ധപ്പെട്ട നോട്ടീസുകൾ, ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ വാർത്താബോർഡുകളിൽ പ്രദർശിപ്പിക്കുന്നതിനും തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കേന്ദ്രമായും ജി ഒ (എം എസ്)/112/2014/ത സ്വ ഭ വ /തീയതി 25-6-2014 മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്.

## 3-8 പിൻവലിച്ച ഡി ഡി തുകകൾ - തിരിച്ചടവാക്കിയതിലെ കാലതാമസം

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം (ജനറൽ), പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള ധനസഹായം എന്നീ പ്രോജക്ടുകളുടെ നടത്തിപ്പിനായി താഴെ പറയുന്ന ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം നൽകുന്നതിനായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ ഡി ഡി ആയി കൈവശം സൂക്ഷിച്ചതിനുശേഷം തിരികെ ട്രഷറിയിൽ ഒടുക്കുന്നതിന് കാലതാമസം വരുത്തി. വിശദവിവരം ചുവടെ

| പ്രോജക്ടിന്റെ പേര്/നമ്പർ | വകയിരുത്തൽ | ചെലവ് | ട്രഷറി ബിൽ നമ്പർ /തുക | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | ഡിഡി നമ്പർ/തുക | ട്രഷറിയിൽ ഡി ഡി തുക തിരിച്ചടച്ചതിന്റെ ചലാൻ നമ്പരും തീയതിയും |
|---|---|---|---|---|---|---|
| ഭവന പുനരുദ്ധാരണം (ജനറൽ) (SOO4/16) | 700000 (വികസന ഫണ്ട്) | 700000 | 33/ 16, 23-3-16) 50000/- രൂപ | ശ്രീമതി ലൈല, അശ്വതി ഭവൻ, കല്ലുമലക്കുന്ന് | 122703/ 8-4-16 25000/- രൂപ | 16-11-2016/ 112 |
| പണി പൂർത്തിയാക്കാത്ത വീടുകൾക്ക് ധനസഹായം (SO0 181/16) | 550000 (വികസനഫണ്ട് എസ് സി പി ) | 550000 | 31/16, 23-3-16) 100000/- | ശ്രീമതി ബേബി, പുതുവൽവിള വീട്, വെന്നികോട് പി ഓ, | 122706/ 8-4-16 40000/- രൂപ | 16-11-2016/ 113 |
| | | | | ശ്രീമതി ബിന്ദു,കാറ്റാളി വിള വീട്. വെന്നികോട് | 122707/ 8-4-16 40000/- രൂപ | 16-11-2016/ 113 |

| | | | | |
|---|---|---|---|---|
| | 34/16, 23-3-16) 50000/- രൂപ | ശ്രീമതി ബേബി, പുതുവൽവിള വീട്, വെന്നികോട് പി ഓ, | 122749/ 15-4-16 10000/- രൂപ | 16-11-2016/ 113 |
| | | ശ്രീമതി ബിന്ദു,കാറ്റാളി വിള വീട്. വെന്നികോട് | 1227051/ 15-4-16 10000/- രൂപ | 16-11-2016/ 113 |

ജി ഒ (പി) 177/2006/ധന /12-4-2006 ധനവിനിയോഗമാർഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക പിൻവലിക്കാൻ പാടില്ലാത്തതാണ്. ഓരോ മാസവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ ഡിഡി തുകകൾ ട്രഷറിചലാൻ മുഖേന തിരിച്ചടക്കേണ്ടതുമാണ്. എന്നാൽ മുകളിൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി പിൻവലിച്ച ഡി ഡി കൾ (ആകെ 1,25,000/-രൂപയുടെ ഡിഡി) 9 മാസങ്ങളോളം കൈവശം സൂക്ഷിച്ചതിനുശേഷമാണ് നിർവഹണ ഉദ്യോഗസ്ഥൻ തുക തിരിച്ചടവാക്കിയിരിക്കുന്നത്. പ്രസ്തുത വിഷയം ഓഡിറ്റ് എൻക്വയറിലൂടെ (നമ്പർ 20,21/ 22-11-16) ചൂണ്ടിക്കാട്ടിയതിന് ലഭിച്ച മറുപടിയിൽ സ്ഥലംമാറ്റം കിട്ടിപ്പോയതിനാൽ തുടർന്ന് ഗുണഭോക്താവുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല എന്ന് അറിയിച്ചിരിക്കുന്നു.

പ്രസ്തുത തുക സമയബന്ധിതമായി തിരിച്ചടവാക്കുന്നതിന് തുടർന്ന് ചാർജെടുത്ത വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറും നടപടികൾ സ്വീകരിച്ചില്ല. ധനവിനിയോഗമാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഭവനനിർമാണം - പണി പൂർത്തീകരിച്ചില്ല

| വകയിരുത്തൽ | ചെലവ് |
|---|---|
| 8,00,000/-(വികസനഫണ്ട്) | 8,00,000 |
| 6,00,000 (ധന. അവാർഡ്) | 6,00,000 |
| 14,00,000 (മറ്റ് ബ്ലോക്ക് വിഹിതം) | 6,10,000 |
| ആകെ 28,00,000 | 20,10,000 |

പ്രസ്തുത പ്രോജക്ട് (S008/16)പ്രകാരം ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ച് മുഴുവൻ ഗഡുക്കളും കൈപ്പറ്റിയില്ല.

| ക്രമ നമ്പർ | പേരും മേൽവിലാസവും | നാളിതുവരെ കൈപ്പറ്റിയ ആനുകൂല്യം (രൂപ) |
|---|---|---|

| | | |
|---|---|---|
| 1 | വിജയമ്മ, വിളയിൽ പുത്തൻവീട്, താന്നിമൂട് | 1,80,000 |
| 2 | അരുന്ധതി, കുന്നിക്കോട്, അയന്തി, വർക്കല | 1,90,000 |
| 3 | അനിത, ആമ്പല്ലൂർ വീട്. മുടിയക്കോട് | 60,000 |
| 4 | തങ്കമണി, കോണത്ത് വീട്, തെറ്റിക്കുളം, മൂങ്ങോട് | 60,000 |

മുകളിൽ പരാമർശിച്ചിരിക്കുന്ന ഗുണഭോക്താക്കൾ 2016 മാർച്ചിനു മുൻപ് പണി പൂർത്തീകരിക്കാത്തതിനാലാണ് മുഴുവൻ തുകയും നൽകാൻ കഴിയാതിരുന്നതെന്നാണ് അത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/ 22-11-16) ലഭിച്ച മറുപടി. പ്രസ്തുത ഗുണഭോക്താക്കളെ ക്കൊണ്ട്പണി പൂർത്തീകരിപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-10 ആട്ടുവളർത്തൽ പദ്ധതി - സബ്സിഡി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി

കുടുംബശ്രീ വനിതകൾക്ക് ആട്ടുവളർത്തൽ പദ്ധതിയിൽ സബ്സിഡി തുക ഡിമാന്റ് ഡ്രാഫ്റ്റായി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി.

പ്രോജക്ട് നമ്പർ - S0056/16

അടങ്കൽ :

വികസന ഫണ്ട് - 1,00,000

ഗുണഭോക്തൃ വിഹിതം

(സ്വയം വഹിക്കുന്നത്) - 1,00,000

ആകെ - 2,00,000

ബിൽ നമ്പർ - 6/15-16 തീയതി 28.03.2016

കുടുംബശ്രീ അംഗങ്ങളായ 25 വനിതകൾക്ക് സബ്സിഡിയായി 4000/-രൂപ വീതം നൽകുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട് . വികസന ഫണ്ടിൽ നിന്നും 1,00,000 രൂപ പിൻവലിച്ച് ഡി.ഡിയായി 4000/- രൂപ വീതം വിതരണം ചെയ്തു.

പദ്ധതി മാർഗരേഖ (ജി.ഒ.(എം.എസ്) 362/2013തസ്വഭവ 16.11.2013 പ്രകാരം ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ പേരിൽ സബ്സിഡി ഡിമാന്റ് ഡ്രാഫ്റ്റായോ അക്കൗണ്ട് പേയി ചെക്കായോ നൽകണമെന്നുണ്ട്. ഇതിനു വിരുദ്ധമായി ഗുണഭോക്താക്കൾക്കാണ് ഡി.ഡി. നൽകിയിരിക്കുന്നത്. സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-11 വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പും ലൈസൻസും - മാർഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്

വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് എടുപ്പ് ലൈസൻസ് നൽകുന്നതിനായുള്ള പ്രോജക്ട് ബോധവല്ക്കരണ സെമിനാറിലൊതുങ്ങി.

പ്രോജക്ട് നമ്പർ - S0075/16

അടങ്കൽ തുക - 10,000 (വികസന ഫണ്ട്)

നിർവ്വഹണം - വെറ്റിനറി സർജൻ

ബിൽ നമ്പർ 4/14-15 തീയതി 28.03.2016 പ്രകാരം 10,000രൂപ പിൻവലിച്ച് ചുവടെപ്പറയും പ്രകാരം ചെലവഴിച്ചു.

| ക്രമ നമ്പർ | തുക കൈപ്പറ്റിയത് | വിവരണം | തുക |
|---|---|---|---|
| i | അമ്പാടി വനിതാ ക്യാന്റീൻ | Meals & tea | 5,400 |
| ii | ക്രിസ്റ്റൽ പെറ്റ്സ് &വെറ്റ്സ് | Syringe & needle | 3,000 |
| iii | ക്യാപ്പിറ്റൽ ഏജൻസി | Ball pen & writing pad | 600 |
| iv | ഡോ.പി.ആർ.വിനോദ് കുമാർ, വെറ്റിനറി സർജൻ, ജില്ലാ വെറ്റിനറി സെന്റർ, കോഴിക്കോട് | ATMA Training Programme | 1,000 |
| ആകെ | | | 10,000 |

ജി.ഒ.(എം.എസ്)382/2013 തസ്വഭവ 16.11.2013പ്രകാരം ഉല്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിനുവേണ്ടി പിൻവലിച്ച 10,000 രൂപയിൽ 7,000രൂപയും ബോധവൽക്കരണ സെമിനാറിനായാണ് ചെലവഴിച്ചത്. 3,000/- രൂപ വിനിയോഗിച്ച് സിറിഞ്ചും സൂചിയും വാങ്ങിയെങ്കിലും പ്രോജക്ടിന്റെ ഭാഗമായി മരുന്ന് വാങ്ങിയിട്ടില്ല. പ്രതിരോധ കുത്തിവയ്പ് നടത്തി ലൈസൻസ് നൽകിയതിന്റെ വിവരം ലഭ്യമാക്കിയില്ല. മാർഗ രേഖയ്ക്ക് വിരുദ്ധമായി നടത്തിയ 7,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു. (ബോധവല്ക്കരണ സെമിനാർ നിലവിലുള്ള സാഹചര്യത്തിൽ അനിവാര്യമായിരുന്നുവെന്നും പ്രോജക്ട് നടപ്പാക്കുന്ന സമയത്ത് മരുന്ന് ആശുപത്രിയിൽ സ്റ്റോക്കുണ്ടായിരുന്നുവെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണം - ഓഡിറ്റ് എൻക്വയറി നമ്പർ 9/18.11.2016ന്റെ മറുപടി).

## 3-12 1.5ലക്ഷം രൂപയുടെ മരുന്ന് ലഭ്യമായില്ല

ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾക്കായി 1,50,000രൂപ മുൻകൂറായി നൽകിയിട്ടും ഹോംകോയിൽ നിന്ന് നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ - S0031/16

പേര് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 1,50,000 (മെയിന്റനൻസ് ഫണ്ട്)

ബിൽ നമ്പർ - 2/15-16 തീയതി 11.12.2015

നിർവ്വഹണം - ഹോമിയോ മെഡിക്കൽ ഓഫീസർ

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 07.10.2015ലെ ഇൻവോയിസ് പ്രകാരം 1,50,000 രൂപ കൈമാറി (ഡി.ഡി. നമ്പർ 118128/22.12.2015). ഇൻഡന്റ് പ്രകാരം യഥാസമയം ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കണമെന്ന കരാർ വയ്ക്കാതെയാണ് മുൻകൂറായി തുക പിൻവലിച്ച് നൽകിയത്. നാളിതുവരെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ഒരു മാസത്തിനകം മരുന്നുകൾ ലഭ്യമാക്കാമെന്ന് ഹോംകോ അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 5/16.11.2015 ന്റെ മറുപടി). ലഭിക്കാനുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിലും യഥാസമയം മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ ആവശ്യമാണ്.

## 3-13 കാർഷിക മേഖലയോടുള്ള സമീപനം മാതൃകാപരം

കർഷകർക്ക് സ്വന്തമായി വിപണിയുണ്ടാക്കുന്നതിനും അതുവഴി ഉപഭോക്താവിന് ഗുണ നിലവാരമുള്ള ഉല്പന്നങ്ങൾ ലഭിക്കുന്നതിനുമായി കാർഷിക കർമ്മസേനയുടെ വിപണന കേന്ദ്രങ്ങൾ, തരിശുനില കൃഷി പ്രോത്സാഹിപ്പിക്കൽ , ജൈവ പച്ചക്കറി കൃഷി വ്യാപനം മുതലായ പ്രവർത്തനങ്ങൾ വഴി കാർഷിക മേഖലയ്ക്ക് ഉണർവ്വുണ്ടാക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു.

കൃഷി ഓഫീസറുടെ നിർവ്വഹണത്തിൽ 2015-16വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| i | S0059/16 | തരിശുനിലകൃഷി | 36,000 |
| ii | S0061/16 | ജൈവ പച്ചക്കറി കൃഷി വ്യാപന പദ്ധതി | 75,000 |
| iii | S0063/16 | കർഷകർക്ക് ജൈവ വളം - കൂലിച്ചെലവ് സബ്സിഡി | 67,500 |
| iv | S0065/16 | കുറിയ തെങ്ങിൻ തൈ വിതരണം | 44,000 |
| v | S0067/16 | മാമ്പഴ ഗ്രാമം | 16,250 |
| vi | S0069/16 | കാർഷിക കർമ്മ സേനയ്ക്ക് കാർഷിക യന്ത്രോപകരണങ്ങൾ | 98,900 |

| | | | |
|---|---|---|---|
| vii | SO182/16 | ജൈവ പച്ചക്കറി കൃഷി രണ്ടാം ഘട്ടം | 1,98,750 |
| viii | SO190/16 | കാർഷിക കർമ്മ സേനയ്ക്ക് കൃഷി യന്ത്രം വാങ്ങൽ രണ്ടാം ഘട്ടം | 59,500 |

പ്രസ്തുത പ്രോജക്ടുകളിൽ കുറിയ തെങ്ങിൻ തൈ വിതരണം, മാമ്പഴ ഗ്രാമം എന്നിവ തൊഴിലുറപ്പ് പദ്ധതയുമായി സംയോജിപ്പിച്ചാണ് നടപ്പാക്കിയത്. ഇവയുടെ ഫലപ്രാപ്തി ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ലെങ്കിലും മറ്റ് പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ കാർഷിക മേഖലയ്ക്ക് ഉണർവ്വേകാൻ സാധിച്ചുവെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തരിശുരഹിത നെൽപ്പാടങ്ങളും ജൈവപച്ചക്കറി തോട്ടങ്ങളും സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞു.

കാർഷിക കർമ്മസേന

വിവിധ ജൈവ കൃഷി ഗ്രൂപ്പുകളും ഹരിത സംഘങ്ങളും ഉല്പാദിപ്പിക്കുന്ന നാടൻ പച്ചക്കറി, കിഴങ്ങു വർഗങ്ങൾ, പഴ വർഗങ്ങൾ എന്നിവ കാർഷിക കർമ്മ സേനയുടെ കാർഷിക വിപണിയിലൂടെ വില്പന നടത്തുന്നു. ഇതുകൂടാതെ, ജൈവ വളം, വിത്തുകൾ, ഗ്രോബാഗ് ജൈവ കീടനാശിനികൾ മുതലായവയുടെ വിപണനവും നടത്തിവരുന്നു. കർഷകർക്ക് ആവശ്യാനുസരണം വാടകയ്ക്ക് യന്ത്രങ്ങളും വിദഗ്ദ്ധ തൊഴിലാളികളുടെ സേവനവും ലഭ്യമാക്കുന്നു. തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മരുന്ന് തളി, തേങ്ങയിടൽ, കാട്ടുവെട്ട് യന്ത്രം ഉപയോഗിച്ച് കാട് തെളിക്കൽ, പാടശേഖരങ്ങളിൽ ടില്ലർ ഉപയോഗിച്ചുള്ള പൂട്ട്, ചെറുതോട്ടങ്ങളിൽ മിനി ട്രാക്ടർ ഉപയോഗിച്ച് ഭൂമിയൊരുക്കൽ എന്നിവയ്ക്കായി വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നു. മദ്ധ്യവർത്തികളുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് ന്യായമായ വില ലഭിക്കാനും തൂക്കത്തിലും വിലയിലും സുതാര്യത ഉറപ്പ് വരുത്താനും ഉപഭോക്താക്കൾക്ക് വിഷരഹിത പച്ചക്കറി, പഴങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ ലഭ്യമാക്കാനും കഴിയുന്നത് കർമ്മസേനയുടെ പ്രവർത്തന നേട്ടങ്ങളാണ്.

ഇപ്രകാരം മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുകവഴി കാർഷിക മേഖലയിൽ നേരിട്ട് ഇടപെടാൻ പഞ്ചായത്തിന് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. മൃഗ സംരക്ഷണ – ക്ഷീര വികസന മേഖലയിലും ഇതുപോലെയുള്ള പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര കാർഷിക വികസനം സാദ്ധ്യമാകും. കാർഷിക കർമ്മസേനയുടെ യന്ത്രോപകരണങ്ങൾ സൂക്ഷിക്കുന്നതിന് ഷെഡ് നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്.

## 3-14 കാറാത്തല സാസംകാരിക നിലയം പ്രവൃത്തി - പ്രയോജനപ്രദം

സാംസ്കാരിക നിലയത്തിന്റെ ചുറ്റുമതിൽ നിർമ്മിച്ച് വയറിംഗ് നടത്തി ഇന്റർലോക്ക് സ്ഥാപിക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ട് കോളനി നിവാസികൾക്ക് പ്രയോജനപ്രദമായി.

പ്രോജക്ട് നമ്പർ - SO146/16

അടങ്കൽ തുക - 2,92,806 (വികസന ഫണ്ട് SCP)

ബിൽ നമ്പർ - 3/27.06.2015 തുക 1,48,276

4/27.06.2015 തുക 1,44,530

ചെലവ് തുക - 2,92,806രൂപ

കോളനി നിവാസികളുടെ വിവാഹം മുതലായ ചടങ്ങുകളും മറ്റ് യോഗങ്ങളും നടത്തുന്നതിന് പ്രസ്തുത കേന്ദ്രം പ്രയോജനപ്പെടുത്തിവരുന്നു. കെട്ടിടത്തിന്റെ മുകളിൽ ഹാൾ നിർമ്മിച്ചും ഫർണിച്ചർ ലഭ്യമാക്കിയും സൗകര്യം വിപുലീകരിച്ചാൽ നാമ മാത്രമായ വാടക ഈടാക്കി കൂടുതൽ പ്രയോജനപ്രദമാക്കാവുന്നതാണ്.

## 3-15 പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ പ്രവൃത്തി - ഓഫീസുകൾ സജ്ജമാക്കാൻ കൂടുതൽ പ്രോജക്ടുകൾ

## ആവശ്യം.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ LSGD എഞ്ചിനീയറിംഗ് സെക്ഷൻ, MGNREGS ഓഫീസ്, ജാഗ്രതാ സമിതി എന്നിവയ്ക്കായി രണ്ട് വർഷമായി രണ്ട് പ്രോജക്ടുകൾ രൂപീകരിച്ചെങ്കിലും ഓഫീസുകൾ പ്രവർത്തന സജ്ജമായില്ല.

പ്രസ്തുത പ്രവൃത്തിക്കായി രണ്ട് വർഷങ്ങളിലായി രൂപീകരിച്ച് അംഗീകാരം വാങ്ങിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | 2014-15 വർഷം | | 2015-16വർഷം | |
|---|---|---|---|---|---|
| | | പ്രോജക്ട് നമ്പർ | അടങ്കൽ തുക | പ്രോജക്ട് നമ്പർ | അടങ്കൽ തുക |
| i | പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കൽ | SO150/15 | മെയിന്റനൻസ് ഫണ്ട്(റോഡ്) 6,92,969<br>മെയിന്റനൻസ് ഫണ്ട്(റോഡിതരം) 3,58,777<br>ആകെ 10,51,746 | SO137/16 | മെയിന്റനൻസ് ഫണ്ട്(റോഡ്) 6,01,155<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) 3,58,777<br>ആകെ 9,59,932 |
| ii | പഞ്ചായത്ത് അനുബന്ധ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ രണ്ടാം ഘട്ടം | SO173/15 | മെയിന്റനൻസ് ഫണ്ട് (റോഡ്) 3,93,983<br>തനത് ഫണ്ട് 1,04,017<br>ആകെ 4,98,000 | SO141/16 | മെയിന്റനൻസ് ഫണ്ട്(റോഡ്) 2,35,253<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) 2,14,747<br>ആകെ 4,40,000 |

സ്പിൽ ഓവറായി 2015-16 വർഷം നടപ്പാക്കിയ പ്രവൃത്തികളുടെ ചെലവ് വിശദാംശം:

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|---|
| i | SO137/16 | 62/15-16 തീയതി 30.03.2016 | 6,01,155 |
| ii | SO137/16 | 63/15-16 തീയതി 30.03.2016 | 3,43979 |
| iii | SO141/16 | 64/15-16തീയതി 30.03.2016 | 2,13,852 |
| iv | SO141/16 | 65/15-16തീയതി 30.03.2016 | 2,35,253 |

| | |
|---|---|
| ആകെ ചെലവ് | 11,82,511 |

ആദ്യഘട്ട പ്രോജക്ടിൽ, നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ solid block ഉപയോഗിച്ച് 2.8മീറ്റർ ഉയരത്തിൽ കെട്ടി Room നിർമ്മിച്ച് Truss സ്ഥാപിച്ച് GI Profile Sheet കൊടുക്കുന്നതിനുമായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയത്. രണ്ടാം ഘട്ടത്തിൽ False ceiling, Ceramic glazed Floor tiles ഉപയോഗിച്ച് തറയിടൽ, Rain water pipe എന്നിവയ്ക്കാണ് തുക വകയിരുത്തിയത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിലും പ്രോജക്ടിലും ഇലക്ട്രിഫിക്കേഷൻ ഒഴിവാക്കി. ആദ്യഘട്ട പ്രോജക്ടും റിവൈസ് ചെയ്തു പ്രവൃത്തി നിർവ്വഹിച്ചു. എന്നാൽ ഇലക്ട്രിഫിക്കേഷൻ നടത്താത്തതിനാൽ ഓഫീസുകൾ സജ്ജമാക്കാൻ സാധിച്ചിട്ടില്ല. പുതിയ ഓഫീസ് സമുച്ചയത്തോട് ചേർന്നുള്ള നിലവിലുള്ള റൂമിന്റെ മുകളിൽ വെള്ളം കെട്ടിയുണ്ടാകുന്ന ചോർച്ച ഒഴിവാക്കാൻ സ്ലോപ്പിൽ മാറ്റം വരുത്താനും പ്രവൃത്തി ചെയ്യേണ്ടതുണ്ട്.

## 3-16 ശിവൻ നട പാലം അപ്രോച്ച് റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടി വേണം

ശിവൻ നട തോട്ടിൽ മാടൻകാവ് ഭാഗത്ത് 3.86 ലക്ഷം രൂപ ചെലവഴിച്ച് പാലവും സംരക്ഷണഭിത്തിയും നിർമ്മിച്ചെങ്കിലും അപ്രോച്ച് റോഡിന്റെ അവസ്ഥയിൽ മാറ്റം വരേണ്ടതുണ്ട്.

പ്രോജക്ട് നമ്പർ - S0150/16

അടങ്കൽ തുക - 3,90,539 (ലോകബാങ്ക് സഹായം)

ബിൽ നമ്പർ - 51/10.03.2016 തുക 3,86,489 രൂപ

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ശിവൻ നട തോട്ടിൽ ഒരു പാലം നിർമ്മിച്ച് മാടൻ കാവ് ഭാഗത്തെ ജനങ്ങളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് അടിസ്ഥാനം DR Packing ചെയ്ത് 1:4:8 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത് അതിന്റെ മുകളിൽ 1:3:6അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത് Abutment നിർമ്മിച്ച് 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് സ്ലാബ് നിർമ്മിക്കാനായിരുന്നു. സ്ഥലത്തിന്റെ സ്ഥിതിക്കനുസരിച്ച് പ്രോജക്ടിൽ വ്യതിയാനം വരുത്തി പ്രവൃത്തി പൂർത്തീകരിച്ചു.

വളരെ ശോചനീയമായ അവസ്ഥയിലുള്ള അപ്രോച്ച് റോഡ് പ്രവൃത്തിയുടെ ഫലപ്രാപ്തിക്ക് വിഘാതമായി നിൽക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. റോഡിന്റെ ആദ്യഭാഗം തകർന്ന നിലയിലും മാടൻ നടയോട് ചേർന്ന ഭാഗം കുണ്ടും കുഴിയുമായി ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയിലുമാണ്. അപ്രോച്ച് റോഡിന്റെ അവസ്ഥ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 ആശ്രയ പദ്ധതി - അവലോകനം

ആശ്രയ പദ്ധതിക്കായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള 2014-17 ലെ പദ്ധതി പ്രകാരം ആശ്രിത ഗുണഭോക്താക്കളായി 89 പേർ ആണുള്ളത്. ഭക്ഷ്യ വസ്തുക്കൾക്കു പുറമേ ആശ്രിത ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആവശ്യം | ആവശ്യപ്പെട്ടവരുടെ എണ്ണം | ലഭിച്ചവരുടെ എണ്ണം |
|---|---|---|
| വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 12 | 0 |
| വീട് ആവശ്യമുള്ളവർ | 12 | 1 |

| | | |
|---|---|---|
| | | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 8 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 14 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 3 | 0 |
| കറണ്ട് ആവശ്യമുള്ളവർ | 7 | 0 |

ആശ്രയ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുന്നതിൽ മുന്തിയ പരിഗണന നൽകേണ്ടതും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആശ്രയ പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിന് 2015-16ൽ വികസനഫണ്ടിൽ നിന്നും 400000/-രൂപ വകയിരുത്തിയെങ്കിലും 250000/-രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ചലഞ്ച് ഫണ്ടിനത്തിൽ സ.ഉ.(സാധാ) നമ്പർ 3515/14/ ത.സ്വ.ഭ.വ/13-12-14 ലെ ഉത്തരവ് പ്രകാരം 2014-15ൽ 451200/-രൂപ ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 548583.50/- രൂപ ബാലൻസ് നിൽക്കുന്നുണ്ട്.

## 3-18 തൊഴിലുറപ്പ് പദ്ധതി അവലോകനം

2015-16 സാമ്പത്തികവർഷം 1,28,93,000രൂപ ചെലവഴിച്ച് 199പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. ഭൂവികസന പ്രവൃത്തികളും കുളങ്ങളുടെയും തോടുകളുടെയും നവീകരണ പ്രവർത്തനങ്ങളുമാണ് ഏറ്റെടുത്തിട്ടുള്ളതെങ്കിലും അയന്തി അംഗനവാടിക്ക് സമീപം നടപ്പാത സംരക്ഷണം എന്ന ആസ്തി സൃഷ്ടിക്കുന്നതിനുള്ള മെറ്റീരിയൽ പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. ഐ.എ.വൈ. ഭവനപദ്ധതി ഗുണഭോക്താക്കളുടെ വീടുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ പ്രവൃത്തികൾ വഴി 77 ഗുണഭോക്താക്കൾക്ക് പ്രയോജനമുണ്ടായി.

സാമ്പത്തികവർഷം 199 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് കൈവശമുണ്ട്. തൊഴിലിനായി അപേക്ഷ സമർപ്പിച്ച കുടുംബങ്ങളുടെ എണ്ണം 1602 ആണ്. എന്നാൽ തൻവർഷം131 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയത്. (ഓഡിറ്റ് എൻക്വയറി 02/16.11.2016 ന്റെ മറുപടി)

കൃഷി വകുപ്പും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തരിശുഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും തൊഴിലാളി ഗ്രൂപ്പുകൾ ഏറ്റെടുത്ത് കൃഷി നടപ്പിലാക്കുകയും ചെയ്തു. തരിശുനിലങ്ങളിൽ തൊഴിലാളികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലമൊരുക്കുകയും ഉഴുന്ന്, നെല്ല് എന്നീ വിളകൾ കൃഷി ചെയ്യുകയും ചെയ്തു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 610 തെങ്ങിൻ കുഴിയും 329 മാവിൻ കുഴിയും നിർമിക്കുകയും കൃഷി വകുപ്പുമായി ചേർന്ന് തെങ്ങിൻ തൈ, മാവിൻതൈ എന്നിവ നടുകയും ചെയ്തു.

തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ മൃഗസംരക്ഷണ, ക്ഷീര വികസന മേഖലയിൽ (തൊഴുത്ത് നിർമ്മാണം, കൂട് നിർമ്മാണം, തീറ്റപ്പുൽ കൃഷി മുതലായവ) പരമാവധി പ്രയോജനപ്പെടുത്താനുള്ള നടപടികളുണ്ടാവണം. കുടിവെള്ളക്കിണർ നിർമ്മാണത്തിന് ധനസഹായം നൽകിയവർക്ക്, മഴവെള്ളം റീ ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കാനുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | പ്രോജക്ടിന്റെ പേര് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വർക്കല | 2015-16 | 1400000 | 610000 | ഭവനനിർമാണം (ജനറൽ)<br>(SOO 8/16) |
| ഐ സി ഡി എസ് വർക്കല | 2015-16 | 150000 | 38774 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ തൊഴിലധിഷ്ഠിത പുനരധിവാസം<br>(SOO 64/16) |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (എസ് സി പി) | 100000 | | 100000 |
| | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ (ജനറൽ) | 150000 | | 150000 |
| കെ എസ് ഇ ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (എസ് സി പി) | 6665 | 6665 | |
| | | 167600 | 167600 | |
| | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (ജനറൽ) | 148057 | 148057 | |
| | | 51870 | 51870 | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തീയതി | | ബാക്കിയുണ്ടായിരുന്ന തുക | | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി | സ.ഉ(സാധാ)നം. 275/2010/ തസ്വഭവ തീയതി 27-10-10 | 12637500 | 6228000 | 550000 | ---- | 5678000 |

ലോൺ രജിസ്റ്റർ പ്രകാരം തൻവർഷത്തെ ലോൺതിരിച്ചടവ് 1795600/- രൂപയാണ്. എ.എഫ്.എസ് പ്രകാരമുള്ള തിരിച്ചടവ് തുക 550000/- രൂപയാണ്. 27.05.2015-ന് തിരിച്ചടച്ച 1245600/- രൂപ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീത് നംപർ തീയതി |
|---|---|---|---|---|
| 2010-11 | 3.11 | 1092 | ശ്രീമതി എൻ ലത , മുൻ മെമ്പർ | 11505101317/12-10-15 |
| 2010-11 | 3.11 | 1093 | ശ്രീ ഷിബു തങ്കൻ, മുൻ മെമ്പർ | 11505101318/12-10-15 |
| 2008-09 | 3.9 | 5651 | ശ്രീ ഷിബു തങ്കൻ, മുൻ മെമ്പർ | 11505101319/12-10-15 |
| 2010-11 | 3.11 | 1092 | ശ്രീ ശിവപ്രസാദ്, മുൻ മെമ്പർ | 11505101335/12-10-15 |

| | | | | |
|---|---|---|---|---|
| 2008-09 | 3.9 | 4708 | ശ്രീ ശിവപ്രസാദ്, മുൻ മെമ്പർ | 11505101336/12-10-15 |
| 2010-11 | 3.11 | 1093 | ശ്രീ എം ജോസഫ് പെരേര, മുൻ മെമ്പർ | 11505101340/12-10-15 |
| 2008-09 | 3.9, 3.11 | 5208 | ശ്രീ എം ജോസഫ് പെരേര, മുൻ മെമ്പർ | 11505101341/12-10-15 |
| 2008-09 | 3.9 | 4708 | ശ്രീമതി എൻ ലത ,<br>മുൻ മെമ്പർ | 11505101347/13-10-15 |
| 2008-09 | 3.9, 3.11 | 5208 | ശ്രീമതി അജിത അനിരുദ്ധൻ,<br>മുൻ മെമ്പർ | 11505101415/14-10-15 |
| 2010-11 | 3.11 | 1092 | ശ്രീ എസ് ഷാജിലാൽ,<br>മുൻ മെമ്പർ | 11505101437/14-10-15 |
| 2008-09 | 3.9, 3.11 | 5208 | ശ്രീ എസ് ഷാജിലാൽ,<br>മുൻ മെമ്പർ | 11505101438/14-10-15 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 2013-14 | | | 6.4 | തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപണിയും | തെരുവുവിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതാണെന്ന് കെ എസ് ഇ ബി ഉറപ്പ് നൽകിയിട്ടുണ്ട്. ആയതിനുള്ള കരാർ ഉടമ്പടിയും തയ്യാറാക്കിയിട്ടുണ്ട് |
| 2013-14 | | | 6.4.1 | തെരുവുവിളക്കുകളുടെ സംരക്ഷണവും അറ്റകുറ്റപണിയും | തെരുവുവിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതാണെന്ന് കെ എസ് ഇ ബി ഉറപ്പ് നൽകിയിട്ടുണ്ട്. ആയതിനുള്ള കരാർ ഉടമ്പടിയും തയ്യാറാക്കിയിട്ടുണ്ട് |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46818157. 77 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40637820 .00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7000 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 592993 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.11 | | 7000 | ശ്രീമതി വി.രമ, വെറ്റിനറി സർജൻ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 334845 | ശ്രീമതി ഇന്ദിര, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3.4 | 8148 | ശ്രീമതി ഇന്ദിര, ഐ സി ഡി എസ് സൂപ്പർവൈസർ |
| 3.6 | 250000 | ശ്രീമതി ജയശ്രീ എസ്, സെക്രട്ടറി |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി വി രമ, | വെറ്റിനറി ഹോസ്പിറ്റൽ, ചെറുന്നിയൂർ | രാജു നിവാസ് |

| | | |
|---|---|---|
| വെറ്റിനറി സർജൻ | | പാമ്പുറം, കല്ലുവാതുക്കൽ |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-2001 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/867/2002 തീയതി 1-7-14 | 2 |
| 2001-2002 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/1152/2003 തീയതി 1-7-14 | 2 |
| 2002-2003 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/724/2007 തീയതി 1- 7-14 | 1 |
| 2003-2004 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/343/2009തീയതി 1-7-14 | 2 |
| 2004-2005 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/1955/2007തീയതി 1-7-14 | 2 |
| 2005-2006 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/1532/2008 തീയതി1-7-14 | 2 |
| 2006-2007 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/1533/2008 തീയതി1-7-14 | 5 |
| 2007-2008 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/1067/2009തീയതി 1-7-14 | 6 |
| 2008-2009 | നമ്പർ എൽ എഫ് റ്റി ഡി ജി പി 9/2090/2011 തീയതി1-7-14 | 7 |
| 2009-2010 | നമ്പർ എൽ എഫ് റ്റി ഡി ജി പി 7/1402/2012 തീയതി 20-11-13 | 12 |
| 2010-2011 | നമ്പർ എൽ എഫ് റ്റി ഡി ജി പി 7/2599/2013തീയതി 24-4-14 | 14 |
| 2011-2012 | നമ്പർ എൽ എഫ് റ്റി ഡി ജി പി 7/2307/2013തീയതി 21-4-14 | 15 |
| 2012-2013 | നമ്പർ കെ എസ് എ റ്റി വി എം / ജിപി 7/2435/2015തീയതി 4-11-15 | 12 |
| 2013-2014 | നമ്പർ കെ എസ് എ റ്റി വി എം / ജിപി 7/457/2016 തീയതി 4-4-16 | 14 |
| 2014-2015 | നമ്പർ കെ എസ് എ റ്റി വി എം / ജിപി7/1289/2016തീയതി 30-7-16 | 9 |

| | | | |
|---|---|---|---|
| | | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. വികസനഫണ്ട് (SCP) ACR പ്രകാരമുള്ള ചെലവ് 8409779/- രൂപയാണ്. എന്നാൽ AFS പ്രകാരമുള്ള ചെലവ് 8461616/- രൂപയാണ്.

2. ലോൺ രജിസ്റ്റർ പ്രകാരം തൻവർഷത്തെ ലോൺ തിരിച്ചടവ് 1795600/- രൂപയാണ്. AFS പ്രകാരമുള്ള തിരിച്ചടവ് തുക 550000/-രൂപയാണ്. 27-5-15 ന് തിരിച്ചടച്ച 1245600/- രൂപ AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

3. കെട്ടിട നികുതി ഇനത്തിലെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും AFS പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

4. മാർക്കറ്റ് ഫീസ് വരവ്, ബാലൻസ് തുകകൾ AFS പ്രകാരമുള്ളതും രജിസ്റ്റർ പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. സ്റ്റോക്ക് രജിസ്റ്റർ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

6. ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

7. AFS പ്രകാരം VPFA- II(a) അക്കൗണ്ടിൽ 714049/- രൂപ ബാലൻസുണ്ട്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്